**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2639** **28-10-2026-ൽ മറുപടിയ്ക്ക്**

**നാട്ടാനകളുടെ സംരക്ഷണവും കൈമാറ്റത്തിനുള്ള മാനദണ്ഡങ്ങളും**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീമതി ഫാത്തിമ തഹിലിയ ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** നാട്ടാനകളെ കൈവശം വയ്ക്കുന്നതിനും കൈമാറ്റം ചെയ്യുന്നതിനും വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പ്രത്യേക മാനദണ്ഡങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** നിലവിൽ നാട്ടാനകളെ കൈവശം വയ്ക്കുന്നതും, കൈമാറ്റം ചെയ്യുന്നതും കേന്ദ്ര, സംസ്ഥാന ചട്ടങ്ങൾക്കനുസരിച്ചാണ്. നാട്ടാനകളെ കൈവശം വയ്ക്കുന്നത് 2012 ലെ കേരള നാട്ടാന (കാര്യകർതൃത്വവും പരിപാലനവും) ചട്ടങ്ങൾ പ്രകാരവും നാട്ടാനകളെ കൈമാറ്റം ചെയ്യുന്നത് 2024 ലെ കേന്ദ്ര സർക്കാരിന്റെ Captive Elephant (Transfer or Transport) Rules പ്രകാരവുമാണ്.

**(ബി)** നാട്ടാനകളുടെ സംരക്ഷണം, പരിചരണം, പരിശീലനം എന്നിവ കാര്യക്ഷമമാക്കുന്നതിനും നാട്ടാനകളുടെ എണ്ണം ക്രമാനുഗതമായി വർദ്ധിപ്പിക്കുന്നതിനും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം നൽകാമോ;

**മറുപടി:** നാട്ടാനകളുടെ സംരക്ഷണം, പരിചരണം എന്നിവ കാര്യക്ഷമമാക്കുന്നതിന് 2012 ലെ കേരള നാട്ടാന (കാര്യകർതൃത്വവും പരിപാലനവും) ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നാട്ടാനകളുടെ എണ്ണം ക്രമാനുഗതമായി വർദ്ധിപ്പിക്കുന്നതിന് പദ്ധതികളൊന്നും തന്നെ നിലവിലില്ല.

**(സി)** നാട്ടാനകളെ ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് കൊണ്ടുപോകുന്നതിനും സംസ്ഥാനാന്തര കൈമാറ്റത്തിനും നിലവിൽ നിബന്ധനകൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

**മറുപടി:** നാട്ടാനകളെ ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് കൊണ്ടുപോകുന്നതിനും സംസ്ഥാനാന്തര കൈമാറ്റത്തിനും Wildlife (Protection) Act, 1972, Captive Elephant (Transfer or Transport) Rules, 2024 എന്നിവയ്ക്ക് വിധേയമായാണ് അപേക്ഷകൾ പരിഗണിക്കുന്നത്. കേരളത്തിലേക്ക് മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ആനയെ സ്ഥിരമായി മാറ്റുന്നതിനുള്ള അപേക്ഷ Captive Elephant (Transfer or Transport) Rules, 2024-ലെ Rule 6 പ്രകാരവും Form I, Form II, Form III എന്നിവയിലെ വ്യവസ്ഥകൾക്കും വിധേയമായാണ് പരിഗണിക്കുന്നത്.

സെക്ഷൻ ഓഫീസർ